# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2009 — 17.3.2015-ൽ മറുപടിയ്ക്ക്

**നെല്ലിയാമ്പതിയിലെ കരുണ പോബ്സൺ എസ്റ്റേറ്റിലെ ഭൂമി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ.ബാലൻ<br>" റി.ചെന്താമരാക്ഷൻ<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. കെ.വി.വിജയദാസ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) നെല്ലിയാമ്പതിയിലെ കരുണ പോബ്സൺ എസ്റ്റേറ്റിലെ 876 ഏക്കർ ഭൂമി കയ്യേറ്റത്തെക്കുറിച്ച് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ. എങ്കിൽ റിപ്പോർട്ടിന്റെ ഭാഗമായി എന്തെല്ലാം ശുപാർശകളാണ് ലഭിച്ചിരുന്നത്? ശുപാർശകളിന്മേലുള്ള വനം വകുപ്പിന്റെ നിലപാട് അറിയിക്കുമോ? | എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ഭാഗമായി താഴെ പറയുന്ന ശുപാർശ ലഭിച്ചു.<br><br>1) 1889ലെ പാട്ടാധാര പ്രകാരവും പിന്നീട് ആംഗ്ലോ അമേരിക്കൻ ടീ ട്രേഡിംഗ് കമ്പനി രൂപീകൃതമായപ്പോഴും വിവിധ കൈമാറ്റങ്ങളിലൂടെ പല പ്ലാന്റേഷനുകളായി വിവിധ കൈവശങ്ങളായി മാറിയ ഈ പ്രദേശത്തുള്ള 3129 ഏക്കർ ഭൂമി അടിയന്തരമായി സർവ്വെ ചെയ്യേണ്ടതും അന്യാധീനപ്പെട്ട സർക്കാർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.<br><br>2) ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നതിനും സർവ്വെ നടപടികൾക്ക് നേതൃത്വം നൽകുന്നതിനുമായി റവന്യൂ, സർവ്വേ, വനം, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി സർക്കാർ തലത്തിൽ അടിയന്തരമായി രൂപീകരിക്കേണ്ടതാണ്.<br><br>3) സർവ്വെ നടപടികൾ അടിയന്തരമായി പൂർത്തികരിക്കേണ്ടതിനായി CLIM ൽ നിന്നും ലഭ്യമാകുന്ന ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് സർവ്വെ, വനം, റവന്യൂ അംഗങ്ങൾ |

ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടീം രൂപീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച നടപടി റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

ബി) ഭൂമി കയ്യേറ്റ പ്രശ്നം നിയമസഭയിൽ ഉന്നയിക്കപ്പെട്ടതിനെ തുടർന്ന്. ഭൂനികുതി സ്വീകരിച്ച നടപടി റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ:

ബി) ഭൂമി പോക്കുവരവ് ചെയ്തു കിട്ടുന്നതിനായി അപേക്ഷകൻ സമർപ്പിച്ച രേഖകളല്ലാതെ സർക്കാർ സംവിധാനത്തിലൂടെ പ്രസ്തുത രേഖകളുടെ ആധികാരികതയോ, ബന്ധപ്പെട്ട മുൻ റിക്കാർഡുകളോ പരിശോധിക്കാതെ 1.1.1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായ ഭൂമി പോക്കുവരവ് ചെയ്ത നടപടി റദ്ദ് ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് 17.12.2014 ൽ GO(Ms) 529/2014/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്.

സി) ഇതിനെതിരെ പോബ്സൺ ഗ്രൂപ്പ് കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ സമർപ്പിച്ചിട്ടുള്ള ഹർജിയിൽ . ഭൂമി പ്രശ്നത്തിൽ സ്വകാര്യ ഭൂമിയാണെന്ന് നേരത്തെ നിയമോപദേശം നൽകിയ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ടയാളാണോ ഇപ്പോൾ പോബ്സൺ ഗ്രൂപ്പിന് വേണ്ടി ഹൈക്കോടതിയിൽ കേസ് വാദിക്കുന്നത്; വിശദമാക്കാമോ;

സി) ഉണ്ട്. പോബ്സ് എസ്റ്റേറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 34072/14 നമ്പർ കേസിൽ അഡ്വക്കേറ്റ് എൻ.ജെയിംസ് കോശിയാണ് പോബ്സണ് വേണ്ടി വക്കാലത്ത് എടുത്തിട്ടുള്ളത്. അദ്ദേഹം ഭൂമി പ്രശ്നത്തിൽ സ്വകാര്യ ഭൂമിയാണെന്ന് നേരത്തെ നിയമോപദേശം നൽകിയ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട വ്യക്തിയല്ല.

ഡി) അന്വേഷണ റിപ്പോർട്ട് അട്ടിമറിക്കപ്പെടുമെന്ന ആശങ്കയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ? പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ

ഡി) അന്വേഷണ റിപ്പോർട്ട് ലഭ്യമായതിനെത്തുടർന്ന് നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വെ ചെയ്യുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ

| | | | |
|---|---|---|---|
| | [illegible] വെളി [illegible] വ്യക്തമാക്കുമോ? | | പുറപ്പെടുവിച്ച 12.11.2014 ലെ സ.ഉ (സാധാ) 5473/2014/റവന്യൂ നമ്പർ പ്രകാരം ഉത്തരവായി. കൂടാതെ 11.11.2014 ലെ സർവ്വെ ഡയറക്ടറുടെ ബി2 33419/2014 നമ്പർ ഉത്തരവ് പ്രകാരം സർവ്വെ ടീമിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 17.12.2014 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 529/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പോബ്സ് ഗ്രൂപ്പിന്റെ കൈവശത്തിലുള്ള ഭൂമി പോക്കുവരവ് ചെയ്ത് നൽകിയ നടപടി റദ്ദ് ചെയ്യും പോക്കുവരവ് ചെയ്യുന്നതിന് തെറ്റായ നടപടി സ്വീകരിച്ച സർവ്വെ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്കെതിരെ പോബ്സ് എസ്റ്റേറ്റ്ബഹുമാനപ്പെട്ട ഹൈക്കോടതി യിൽ ഫയൽ ചെയ്ത WPC No 34072/14 കേസിലെ 17.12.2014 ലെ ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവായി രുന്നെങ്കിലും സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സർവ്വെ നടപടികൾ തുടരുവാൻ ബഹു.ഹൈക്കോടതി 26.2.2015 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിനെ ത്തുടർന്ന് സർവ്വെ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| ഇ) | ഹൈക്കോടതിയിൽ നിന്നുണ്ടായ ഇടക്കാല ഉത്തരവും അതേ തുടർന്നുള്ള നടപടികളും വ്യക്തമാക്കുമോ ? | ഇ) | **ലാന്റ് ബോർഡ് സെക്രട്ടറിയുടെ ശുപാർശയും അതിനോടനുബന്ധിച്ച് 12.11.2014 ന് പുറപ്പെടുവിച്ച (സാ.ധാ) നം. 5473/14/റവന്യു സർക്കാർ ഉത്തരവും ഡപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ് മലപ്പുറം -ത്തിന്റെ 20.11.2014 ലെ ജെ2-2399/14 നമ്പർ നോട്ടീസും റദ്ദു** |

ചെയ്യണമെന്ന് ആവശ്യപ്പെട്ട് പോബ്സ് ഗ്രൂപ്പ് ബഹു. ഹൈക്കോടതിയിൽ ഡബ്ളിയു.പി.സി 34072/14 ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ ബഹു. ഹൈക്കോടതിയുടെ 17.12.2014 ലെ ഇടക്കാല ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുന്നതിനും 26.02.2015 തിയ്യതിയിലെ ഉത്തരവ് പ്രകാരം സർവ്വേ നടപടികൾ തുടരുന്നതിനും താൽക്കാലികമായി ഉത്തരവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ